ഹോസ്പ്പിറ്റൽ ആൻഡ് ക്ലിനിക്കൽ ഫാർമസി

164 (875)ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോസ്പ്പിറ്റൽ ആൻഡ് ക്ലിനിക്കൽ ഫാർമസി വിഭാഗം സംസ്ഥാനത്തെ ഏതൊക്കെ മെഡിക്കൽ കോളേജുകളിലാണ് ഇപ്പോൾ നിലവിലുള്ളത്;

(ബി) ഈ വർഷം പുതുതായി ഏതെങ്കിലും മെഡിക്കൽ കോളേജിൽ ഹോസ്പ്പിറ്റൽ ആൻഡ് ക്ലിനിക്കൽ ഫാർമസി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതു കോളേജിൽ; നടപടികളുടെ വിശദാംശം നൽകാമോ;

(സി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ക്ളിനിക്കൽ ഫാർമസി സംവിധാനം വികസിപ്പിക്കുന്നതിനും മറ്റു മെഡിക്കൽ കോളേജിലേക്ക് വ്യാപിപ്പിക്കുന്നതിനും വേണ്ടി റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പിൽ നിന്നും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർക്ക് എഴുതിയിട്ടുണ്ടോ; എങ്കിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത റിപ്പോർട്ട് സർക്കാരിന് നൽകിയോ;

(ഡി) മറ്റ് മെഡിക്കൽ കോളേജുകളിൽ ഹോസ്പിറ്റൽ ആൻഡ് ക്ളിനിക്കൽ ഫാർമസി വിഭാഗം ആരംഭിക്കുന്നതിനെപ്പറ്റി വിശദമായി പഠിക്കാൻ കോട്ടയം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോക്ടർ മദൻമോഹനനെ ഏകാംഗകമ്മിഷനായി നിയമിച്ചിരുന്നു; എങ്കിൽ പ്രസ്തുത കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിൻമേൽ ഇതിനോടകം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(എഫ്) കോട്ടയം മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ആന്റ് ക്ളിനിക്കൽ ഫാർമസി വിഭാഗം ആരംഭിക്കുന്നതിനു വേണ്ടി എന്തെങ്കിലും നിർദ്ദേശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാത്രമേ നിലവിലുള്ളു.

(ബി) ഉണ്ട്. ഈ സാമ്പത്തികവർഷത്തിൽ കോട്ടയം മെഡിക്കൽ കോളേജിൽ ഹോസ്പിറ്റൽ ആന്റ് ക്ളിനിക്കൽ ഫാർമസി തുടങ്ങുന്നത് പരിശോധനയിലാണ്.

(സി) റിപ്പോർട്ട് സർക്കാരിന് ഇതുവരെ ലഭിച്ചിട്ടില്ല.

(ഡി) നിയമിച്ചിരുന്നു. പ്രസ്തുത കമ്മീഷന്റെ പ്രധാന നിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഇ) ഈ വിഭാഗത്തിന്റെ വികസനത്തിനായി 1999-2000 വർഷത്തിൽ 15 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്)ഇക്കാര്യം മെഡിക്കൽ വിദ്യഭ്യാസ ഡയറക്ടറുടെ പരിശോധിയിലാണ്.

ഡി.ഫാം, ബി.ഫാം വിദ്യാർത്ഥികൾക്ക് ഹോസ്പിറ്റൽ ഫാർമസി, ക്ളിനിക്കൽ ഫാർമസി എന്നീ വിഷയങ്ങളിലെ ക്ളാസ്സുകൾ

165(876)ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഡി.ഫാം, ബി.ഫാം വിദ്യാർത്ഥികൾക്ക് ഹോസ്പിറ്റൽ ഫാർമസി, ക്ളിനിക്കൽ ഫാർമസി എന്നീ വിഷയങ്ങളിൽ ക്ളാസ്സുകൾ എടുക്കാനുള്ള ചുമതല ഏതൊക്കെ അദ്ധ്യാപകരെയാണ് ഫാർമസി കോളേജ് ഡയറക്ടർ ഏൽപ്പിച്ചിട്ടുള്ളത്;

(ബി) ഹോസ്പിറ്റൽ ആൻഡ് ക്ളിനിക്കൽ ഫാർമസി വിഭാഗത്തിലെ അദ്ധ്യാപകർ പ്രസ്തുത വിഷയങ്ങളിലെ ക്ളാസ്സുകൾ കൈകാര്യം ചെയ്യാൻ തങ്ങളെ ഏൽപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യ വകുപ്പ് സെക്രട്ടറി, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ എന്നിവർക്ക് പരാതി നൽകിയിരുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൻമേൽ ഇതിനോടകം എന്തൊക്കെ നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(സി) ഈ വർഷം ഫെബ്രുവരി മാസത്തിൽ ബി.ഫാം, ഡി.ഫാം വിദ്യാർത്ഥികൾക്ക് ഹോസ്പിറ്റൽ ഫാർമസി, ക്ളിനിക്കൽ ഫാർമസി എന്നീ വിഷയങ്ങളിൽ ക്ളാസ്സുകൾ എടുക്കാനുള്ള ചുമതല ക്ളിനിക്കൽ ഫാർമസി വിഭാഗം മേധാവിയെ ഏൽപ്പിക്കണമെന്ന് മെഡിക്കൽ വിദ്യഭ്യാസ ഡയറക്ടർ രേഖാമൂലം ഫാർമസി കോളേജ് മേധാവിക്കും മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിനും നിർദ്ദേശം നൽകിയിരുന്നോ; എങ്കിൽ ഇതിനോടകം പ്രസ്തുത നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) സർക്കാർ ഉത്തരവുകളും മെഡിക്കൽ കോളേജിൽ പിൻതുടർന്നുവന്നിട്ടുള്ള കീഴ്വഴക്കങ്ങളും മറികടന്ന് ഫാർമസി കോളേജിന്റെ ചാർജ്ജുള്ള പ്രൊഫസർ, ഹോസ്പിറ്റൽ ആന്റ് ക്ളീനിക്കൽ ഫാർമസി വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ, ലക്ചറർമാർ തുടങ്ങിയവരെ ക്ളാസ്സുകൾ എടുക്കുന്നതിന് അനുവദിക്കുന്നില്ല എന്നകാര്യം ക്ളിനിക്കൽ ഫാർമസി വിഭാഗം മേധാവി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിനോടകം എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; സർക്കാർ ഉത്തരവുകളും മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ നിർദ്ദേശവും അവഗണിച്ച് ഹോസ്പിറ്റൽ ആന്റ് ക്ളിനിക്കൽ ഫാർമസി വിഭാഗത്തിലെ അദ്ധ്യാപകർക്ക് ദ്രോഹകരമായ രീതിയിൽ പ്രവർത്തിക്കുന്ന ഫാർമസി കോളേജ് മേധാവിയുടെ നടപടികളെക്കുറിച്ച് സർക്കാർ അന്വേഷിച്ചു നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly